ഗ്യാനേഷ് കുമാർ രാജിവെക്കുന്നതുവരെ തെരുവിലിരിക്കുമെന്ന് സി.ജെ.പി

ന്യൂഡൽഹി: വോട്ടർപട്ടിക ക്രമക്കേടിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ രാജിവെക്കണമെന്നാവശ്യപ്പെട്ട് ജന്തർ മന്തറിൽ സി.ജെ.പി പ്രഖ്യാപിച്ച സമരത്തിന് അനുമതി തേടി പാർലമെന്റ് പൊലീസ് സ്റ്റേഷനിൽ കത്ത് നൽകി. സി.ജെ.പി കൺവീനർ സൗരവ് ദാസ് ആണ് അപേക്ഷ സമർപ്പിച്ചത്. എന്നാൽ മാർച്ചിന് പൊലീസ് അനുമതി നിഷേധിച്ചതായാണ് വിവരം. എന്നാൽ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ രാജിവെക്കുന്നത് വരെ തെരുവിൽ തുടരുമെന്ന് സൗരവ് ദാസ് അറിയിച്ചു. സമരത്തിന് അപേക്ഷ സമർപ്പിച്ചതിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ദാസ്. വോട്ട് മോഷണം, തെരഞ്ഞെടുപ്പ് അട്ടിമറിക്കൽ എന്നീ ആരോപണങ്ങൾക്ക് പുറമേ ജെൻ സിയെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന ആരോപണവും ദാസ് ഉന്നയിച്ചു. ഇത് രാജ്യത്തിന് വേണ്ടിയുള്ള സമരമാണെന്നും എല്ലാവരും സമരത്തിൽ പങ്കെടുക്കണമെന്നും സി.ജെ.പി അഭ്യർഥിച്ചു.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 178 2026 ഒക്ടോബർ 07 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

മെസ്സി വിടപറയുമ്പോൾ...



ലോക ഫുട്ബോളിന്റെ നീലാകാശത്തിനു കീഴെ താണും, ഉയർന്നും, തിരിഞ്ഞും, മറിഞ്ഞും, പറന്ന് തന്റെ രാജ്യത്തെ സ്വന്തം ചിറകിലേറ്റി ലോകത്തിന്റെ നെറുകയിലെത്തിച്ച ആ പ്രിയപെട്ട പക്ഷി കൂടണയുകയാണ്. ഇനി സ്വസ്ഥം, ശാന്തം, കുടുംബ ജീവിതം.

രണ്ടു പതിറ്റാണ്ടിലേറെ കാൽപ്പന്തിന്റെ കളിയരങ്ങുകളെ കാവ്യാത്മകമാക്കിയ വിശ്വവിഖ്യാതമായ ആ ഇടംകാൽ വിസ്മയം അരങ്ങൊഴിഞ്ഞു. ലോക ഫുട്ബോളിലെ സുവർണ്ണ കിരീടങ്ങളത്രയും തന്റെ രാജ്യത്തിന് നേടികൊടുത്ത ഫുട്ബോളിന്റെ മിശിഹ ബ്യൂണസ് ഐറിസിലെ മോണുമെന്റൽ സ്റ്റേഡിയത്തിൽ അർജന്റീനയ്ക്കായി 126-ാംമത്തെ ഗോളും നേടി വിടവാങ്ങി. ബെനിയയുമായുള്ള സൗഹൃദ മത്സരത്തിന്റെ 61-ാം മിനിറ്റിൽ നിക്കോ പാസിനു നൽകിയത് വെറുമൊരു അസിസ്റ്റ് മാത്രമല്ല. അത് പുതിയ തലമുറയിലേക്കുള്ള ബാറ്റൻ കൈമാറൽ കൂടിയാണ്.

ഫുട്ബോളിന്റെ കണ്ണീർ കയങ്ങളിൽ മുങ്ങിതാഴ്ന്നുവെന്നു കരുതി സന്തോഷിച്ച എതിരാളികൾക്കു മുൻപിൽ, വീണ്ടും വീണ്ടും ഉയിർത്തെഴുന്നേറ്റ് സാഗരഗർജ്ജനത്തോടെ, വാനിലേക്ക് കൈകളുയർത്തി നിൽക്കുന്ന പ്രിയപ്പെട്ട ലിയോ നിന്നെ ആർക്കാണു മറക്കാനാകുക.

സാമ്പത്തികവും, സാമൂഹികവുമായ അസ്ഥിരതകൊണ്ടും, അരാജകത്വം കൊണ്ടും ലോകത്ത് അറിയപ്പെട്ടിരുന്ന അർജന്റീനയെന്ന ഒരു കൊച്ചു രാജ്യത്തിന് ഫുട്ബോളെന്ന കളിയിലൂടെ ലോകമെമ്പാടും ആരാധകരെ സൃഷ്ടിച്ചെടുത്തത് സാക്ഷാൽ ഡീഗോ മറഡോണയായിരുന്നു. ഡീഗോയുടെ വിരമിക്കലിനു ശേഷം ആരാധകർ അർജന്റീനയോട് പൊരുത്തപ്പെടുന്നത് മെസ്സിയുടെ വരവോടെയാണ്. മെസ്സിക്കുശേഷം ആര്? അടുത്ത മിശിഹായുടെ വരവിനായി കാത്തിരിക്കുകയാണ് ലോകമെമ്പാടുമുള്ള ഫുട്ബോൾ പ്രേമികൾ.

പലിശഭാരം കൂടും

റിപ്പോ നിരക്കിൽ കാൽ ശതമാനം വർധനവ് വരുത്തി ആർബിഐ

മുംബൈ: അടിസ്ഥാന പലിശ നിരക്കുകളിൽ മാറ്റം വരുത്തി റിസർവ് ബാങ്കിന്റെ പണനയം. റിപ്പോ നിരക്കിൽ 25 അടിസ്ഥാന നിരക്കിന്റെ വർധനവാണ് വരുത്തിയിരിക്കുന്നത്. ഇതോടെ പലിശ നിരക്ക് 5.25 ശതമാനത്തിൽ നിന്നും 5.50 ശതമാനത്തിലേക്ക് ഉയർന്നു. 2023 ഫെബ്രുവരിക്കു ശേഷം ആദ്യമായാണ് പലിശ നിരക്ക് വർധിപ്പിക്കുന്നത്. പണനയ അവലോകന യോഗത്തിനു ശേഷം ഗവർണർ സഞ്ജയ് മൽഹോത്രയാണ് പണനയം പ്രഖ്യാപിച്ചത്.

2023 ൽ കാൽശതമാനം നിരക്കു വർധിപ്പിച്ച ആർബിഐ പലിശ നിരക്ക് 6.50 ശതമാനമാക്കി ഉയർത്തിയിരുന്നു. അതിനുശേഷം 2023-24 കാലയളവിലുടനീളം നിരക്കിൽ മാറ്റം വരുത്തിയിരുന്നില്ല. 2025-ൽ പലിശ നിരക്ക് കുറച്ചതോടെ 5.25 ശതമാനത്തിലായിരുന്നു റിപ്പോ നിരക്ക്. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പണപ്പെരുപ്പം ഉയർന്നു നിൽക്കുന്നതും യുഎസ് ഫെഡറൽ റിസർവ് അടക്കം പലിശ നിരക്ക് ഉയർത്തുകയും ചെയ്തതോടെയാണ് ആർബിഐയുടെ നടപടി.

നിലവിലുള്ള സാഹചര്യത്തിൽ സമീപഭാവിയിൽ പലിശ നിരക്ക് കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതേയില്ലെന്ന് ആർബിഐ ഗവർണർ വ്യക്തമാക്കി.

സാമ്പത്തിക സാഹചര്യങ്ങൾക്കും ഭാവി വിലയിരുത്തലുകൾക്കുമനുസരിച്ച് ഇനി വരാവുന്ന നയപരമായ നടപടികൾ പലിശ നിരക്ക് വർദ്ധിപ്പിക്കുകയോ അല്ലെങ്കിൽ നിലവിലുള്ള നിരക്കിൽ തുടരുകയോ മാത്രമായിരിക്കുമെന്നും സഞ്ജയ് മൽഹോത്ര വ്യക്തമാക്കി. പലിശ നിരക്ക് വർധിച്ചതോടെ വായ്പ പലിശ നിരക്കുകൾ ഉയരും. ഭവന, വാഹന, വ്യക്തിഗത വായ്പ ചെലവുകൾ ഉയരും. ഫ്ളോട്ടിങ് നിരക്കു പ്രകാരം വായ്പയെടുത്തവർക്ക് ഒരു മാസത്തിനുള്ളിൽ പലിശ നിരക്കുകൾ കൂടും. അതേസമയം,സ്ഥിരനിക്ഷേപ പലിശനിരക്കുകൾ കൂടും.

സഹകരണ മേഖലയിലെ കള്ളപ്പണ ഇടപാട്; മൂന്ന് ജില്ലകളിലെ സഹകരണ ബാങ്കുകളിൽ ഇ.ഡി. റെയ്ഡ്

കൊച്ചി: സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് റെയ്ഡ് ആരംഭിച്ചു. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലാണ് വിവിധ സംഘങ്ങളായി ഇ.ഡി. പരിശോധന മുന്നോട്ട് കൊണ്ടുപോകുന്നത്. കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരം (പി.എം. എൽ. എ.) എടുത്ത കേസുകളിലാണ് ഇ.ഡി.യുടെ ഈ പരിശോധന നടക്കുന്നത്.

ബാങ്കുകളുമായി ബന്ധപ്പെട്ട കേസുകളിൽ നേരത്തെ ഉൾപ്പെടുകയും അറസ്റ്റിലാവുകയും ചെയ്തവരുടെ വീടുകളിലും അവരുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിലുമാണ് പരിശോധന പ്രധാനമായും നടക്കുന്നത്. കരുവന്നൂർ കള്ളപ്പണ ഇടപാട് കേസ് പുറത്തുവന്നതിന് പിന്നാലെ സഹകരണ ബാങ്കുകളിലെ തട്ടിപ്പുകൾ സംബന്ധിച്ച് നിരവധി പരാതികൾ ഇ.ഡിക്ക് ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിരവധി സഹകരണ ബാങ്കുകൾ ഇ.ഡിയുടെ നിരീക്ഷണത്തിലാവുകയും, പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾക്ക് പിന്നാലെ ഇ.ഡി. കേസ് എടുത്ത് അന്വേഷണം നടത്തുകയുമായിരുന്നു.

എറണാകുളത്ത് അങ്കമാലി അർബൻ സഹകരണ സംഘത്തിലും അതിനോട് അനുബന്ധിച്ചുള്ള കേന്ദ്രങ്ങളിലുമാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പരിശോധന നടത്തുന്നത്. അങ്കമാലി അർബൻ സഹകരണ സംഘത്തിൽ തട്ടിപ്പ് നടന്ന സമയത്ത് അങ്കമാലി, കാലടി പ്രദേശങ്ങളിലെ പ്രാദേശിക കോൺഗ്രസ് നേതാക്കളായിരുന്നു ബാങ്ക് ഭരണസമിതിയിലുണ്ടായിരുന്നത്. ഇവരിൽ പലരും കേസിൽ പ്രതികളാവുകയും ചെയ്തിട്ടുണ്ട്.

എറണാകുളത്തിനും തൃശ്ശൂരിനും പുറമേ, കോഴിക്കോട് ഇ.ഡി. യൂണിറ്റിന്റെ നേതൃത്വത്തിൽ ഏഴോളം കേന്ദ്രങ്ങളിൽ റെയ്ഡ് പുരോഗമിക്കുന്നുണ്ട്. 32 കോടിയോളം രൂപയുടെ തട്ടിപ്പ് നടന്നെന്ന പരാതിയെത്തുടർന്നാണ് തൃശ്ശൂർ കുട്ടനെല്ലൂർ സഹകരണ ബാങ്കിൽ ഇ.ഡി. പരിശോധന നടക്കുന്നത്. രാവിലെ ബാങ്കിലെത്തിയ ഇ.ഡി. സംഘം പരിശോധന തുടരുകയാണ്. കുട്ടനെല്ലൂർ ബാങ്കിന് പുറമേ തൃശ്ശൂർ ജില്ലയിൽ നാലിടങ്ങളിലായി ഇ.ഡി. റൈഡ് നടത്തുന്നുണ്ട്.

കരുവന്നൂർ സഹകരണ ബാങ്കിൽ നടന്ന തട്ടിപ്പിന് സമാനമായ രീതിയിലാണ് കുട്ടനെല്ലൂരിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതെന്നാണ് ലഭ്യമാകുന്ന വിവരം. ബിനാമി പേരുകളിൽ വായ്പകൾ നൽകുക, വ്യാജരേഖകൾ നിർമ്മിച്ച് വായ്പ അനുവദിക്കുക തുടങ്ങിയവയാണ് ഇവിടെ നടന്ന പ്രധാന തട്ടിപ്പുകളെന്നാണ് വിവരം. മൂല്യം കുറഞ്ഞ ഭൂമി ഈടായി പണയപ്പെടുത്തി ബിനാമികളുടെ പേരിൽ വായ്പകൾ നൽകിയതായും രേഖകളിൽ കൃത്രിമം കാണിച്ചതായും പരാതികളിൽ ചൂണ്ടിക്കാട്ടുന്നു.

2017 മുതൽ ബാങ്കിലുണ്ടായ കിട്ടാക്കടങ്ങൾ സ്ഥാപനത്തെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരുന്നു. വലിയ തുക വായ്പയായി നൽകിയതും ആ തുകകൾ തിരിച്ചടവായി ലഭിക്കാതെ പോയതുമാണ് ബാങ്കിനെ പ്രതിസന്ധിയിലാക്കിയത്. ബിനാമി വായ്പകളാണ് കുട്ടനെല്ലൂർ ബാങ്കിന് ഏറ്റവും വലിയ പ്രശ്നമായി നിലനിന്നിരുന്നത്. റിസോർട്ട് ഉടമയായ സുധാകരൻ നൽകിയ പരാതിയിലാണ് തട്ടിപ്പ് വിവരം ആദ്യമായി പുറത്തുവന്നത്. തുടർന്ന് നിരവധി ആളുകൾ സമാന പരാതികളുമായി രംഗത്തെത്തുകയായിരുന്നു.

‘ഞാനിപ്പോഴും വിദ്യാർത്ഥി, നമുക്ക് അത് സാധിക്കും’; 25 വർഷം പൂർത്തിയാക്കിയ വേളയിൽ ജനങ്ങളോട് മോദി

ന്യൂഡൽഹി: ഭരണത്തലവനെന്ന നിലയിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ പശ്ചാത്തലത്തിൽ തന്റെ രാഷ്ട്രീയ യാത്ര ഓർത്തെടുത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2001 ഒക്ടോബർ ഏഴിന് ഗുജറാത്ത് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തപ്പോൾ ഇത്രയും വലിയ നാഴികക്കല്ല് പിന്നിടുമെന്ന് കരുതിയിരുന്നില്ലെന്ന് മോദി പറഞ്ഞു.

ന്യൂഡൽഹിയിലെ ഇന്ദിരാ ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ‘വികസിത് ഭാരത് സങ്കൽപ് സഭ’യിലായിരുന്നു മോദിയുടെ പ്രസംഗം. തുടർച്ചയായ 25 വർഷത്തെ ഭരണനേതൃത്വം ജനങ്ങളുടെ നിരന്തരമായ പിന്തുണയുടെയും അനുഗ്രഹത്തിന്റെയും ഫലമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. രാജ്യത്തെ ജനങ്ങൾക്ക് അദ്ദേഹം നന്ദി അറിയിച്ചു.

തന്റെ യാത്രയിൽ പിന്തുണച്ചവരോടും വിമർശിച്ചവരോടും നന്ദി അറിയിച്ച മോദി എതിർത്തവർ ജനാധിപത്യത്തിന്റെ ശക്തി മനസിലാക്കാൻ സഹായിച്ചെന്നും വിമർശകർ സ്വയം വിലയിരുത്താൻ പഠിപ്പിച്ചെന്നും പറഞ്ഞു.

താൻ ഇപ്പോഴും ഒരു വിദ്യാർത്ഥിയായാണ് സ്വയം കാണുന്നതെന്നും കൂടുതൽ പഠിക്കുന്നതിലൂടെ രാജ്യത്തിനായി കൂടുതൽ ചെയ്യാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കാൽനൂറ്റാണ്ട് പിന്നിടുന്ന യാത്രയുടെ ഈ ഘട്ടം ഓർമകൾ പുതുക്കാനുള്ള ദിവസം മാത്രമല്ലെന്നും പുതിയ പ്രതിജ്ഞകൾക്ക് ഊർജം പകരാനുള്ള അവസരമാണെന്നും മോദി പറഞ്ഞു. രാജ്യത്തിന്റെ വികസന യാത്രയിൽ ജനങ്ങളുടെ കൂട്ടായ പരിശ്രമത്തിനാണ് പ്രധാന്യമെന്നും മോദി പറഞ്ഞു. കൂടാതെ.എൻഡിഎ സഖ്യത്തിലെ എല്ലാ പാർട്ടികൾക്കും നന്ദി അറിയിക്കുന്നതായും അദ്ദേഹം പറഞ്ഞു.

2047ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുമെന്നും വലിയ ദേശീയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. സാമ്പത്തിക വളർച്ചയ്ക്കൊപ്പം സ്വയംപര്യാപ്തത, സാങ്കേതികവിദ്യ, ഉൽപ്പാദനം, ബഹിരാകാശ ഗവേഷണം തുടങ്ങിയ മേഖലകളിലും ഇന്ത്യയ്ക്ക് സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കുകയാണ് അടുത്ത ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 25 വർഷത്തെ ഭരണനേതൃത്വം വ്യക്തിപരമായ നേട്ടമായി കാണാതെ രാജ്യത്തിനായുള്ള തുടർപ്രവർത്തനത്തിന് പുതിയ ഊർജം നൽകുന്ന ഘട്ടമായാണ് മോദി അവതരിപ്പിച്ചത്.

വാടാനപ്പള്ളി ബീച്ചിൽ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി

വാടാനപ്പള്ളി ബീച്ച്: ഫസൽ നഗറിൽ യുവാവിന്റെ മൃതദേഹം സമീപത്തെ പറമ്പിൽ കണ്ടെത്തി. രായംമരക്കാർ വീട്ടിൽ മുഹമ്മദാലി മകൻ സലാം (പോപ്പാണ്ടി 40)ന്റെ മൃതദേഹമാണ് കണ്ടെത്തിയത്. വാടാനപ്പള്ളി പൊലീസ് സ്ഥലത്തെത്തി. അന്വേഷണം ആരംഭിച്ചു.

രാഹുലിനും പ്രിയങ്കക്കുമെതിരെ കേസെടുത്ത് പൊലീസ്

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമീഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് നടത്തിയ പ്രതിഷേധത്തിൽ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കും പ്രിയങ്ക ഗാന്ധി എം.പിക്കുമെതിരെ ഡൽഹി പൊലീസ് കേസെടുത്തു.

അനുമതി ഇല്ലാതെ ആകാശവാണി ഭവനിൽ അതിക്രമിച്ചു കയറിയെന്നാണ് പരാതി. ഇൻഡ്യ സഖ്യത്തിലെ മറ്റു എം.പിമാർക്കെതിരെയും നേതാക്കൾക്കെതിരെയും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തതായി ഡൽഹി പൊലീസ് വ്യക്തമാക്കി. മണിക്കൂറുകൾ ആകാശവാണി ഭവനിൽ ഇൻഡ്യ സഖ്യ എം.പിമാർക്കൊപ്പം പ്രതിഷേധിച്ച രാഹുലിനെയും പ്രിയങ്കയെയും പൊലീസ് ബലമായാണ് കസ്റ്റഡിയിലെടുത്ത് നീക്കിയത്. അതേസമയം, തുടർ സമരം ചർച്ച ചെയ്യാൻ ഇൻഡ്യ സഖ്യ നേതാക്കളെ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ഇന്ന് ചർച്ചക്ക് വിളിച്ചു.

ആകാശവാണി ഭവനിലേക്ക് എം.പിമാർ ഉൾപ്പെടെയുള്ളവർ അനുമതിയില്ലാതെയാണ് മാർച്ച് നടത്തിയതെന്നാണ് പൊലീസ് പറയുന്നത്. ഓൾ ഇന്ത്യ റേഡിയോ നൽകിയ പരാതിയിലാണ് കേസെടുത്തത്. നിയമാനുസൃതമായ നടപടികൾ മാത്രമാണ് സ്വീകരിച്ചതെന്നും 260 പേരെ കസ്റ്റഡിയിലെടുത്ത ശേഷം വിട്ടയച്ചതായും പൊലീസ് അറിയിച്ചു.

രാഹുലിനും പ്രിയങ്കക്കും എം.പിമാർക്കുമെതിരെ കേസെടുത്തതിൽ രൂക്ഷവിമർശനവുമായി പ്രതിപക്ഷം രംഗത്തുവന്നു. കേന്ദ്ര സർക്കാർ ഏകാധിപത്യ നടപടികളാണ് സ്വീകരിക്കുന്നതെന്ന് നേതാക്കൾ കുറ്റപ്പെടുത്തി. എന്നാൽ രാഹുൽ അരാജകത്വം സൃഷ്ടിക്കാനും ഭരണഘടനാ സ്ഥാപനങ്ങളെ ലക്ഷ്യമിടാനുമാണ് ശ്രമിക്കുന്നതെന്ന് ബി.ജെ.പി ആരോപിച്ചു.

ആന്റോ അഗസ്റ്റിൻ പ്രതിയായ അബ്കാരി കേസ്; ഭാര്യാമാതാവിന് മുൻകൂർ ജാമ്യമില്ല, അപേക്ഷ തള്ളി കോടതി

കൽപ്പറ്റ: അബ്കാരി കേസിൽ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി എംഡി ആന്റോ അഗസ്റ്റിന്റെ ഭാര്യാമാതാവ് ലില്ലി ജോസ് നൽകിയ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളി. കൽപ്പറ്റ സെഷൻസ് കോടതിയുടേതാണ് നടപടി. എക്സൈസ് ചോദ്യം ചെയ്യലിന് ഹാജരാകാൻ നോട്ടീസ് നൽകുമെന്ന് വിവരം ലഭിച്ചതിന് പിന്നാലെ ജാമ്യാപേക്ഷ നൽകുകയായിരുന്നു. അതേസമയം, കേസിൽ പ്രതി ചേർക്കുകയാണെങ്കിൽ ലില്ലിക്ക് നോട്ടീസ് നൽകിയതിനുശേഷമേ അറസ്റ്റ് നടപടികളിലേയ്ക്ക് കടക്കാൻ പാടുള്ളുവെന്ന പ്രതിഭാഗത്തിന്റെ ആവശ്യം കോടതി അംഗീകരിച്ചു. ലില്ലിയെ കേസിൽ പ്രതി ചേർത്തിട്ടില്ലെന്നാണ് എക്സൈസ് അറിയിച്ചിട്ടുള്ളത്.

വയനാട് വാഴവറ്റയിലെ തറവാട്ട് വീട്ടിൽ നടത്തിയ പരിശോധനയിൽ അളവിൽ കവിഞ്ഞ മദ്യ ശേഖരം കണ്ടെത്തിയ സംഭവത്തിൽ ആന്റോ അഗസ്റ്റിൻ അറസ്റ്റിലാവുകയും പിന്നീട് ജാമ്യം ലഭിക്കുകയും ചെയ്തിരുന്നു. 43 ലിറ്റർ വിദേശനിർമിത മദ്യവും വ്യാജ മദ്യവുമുൾപ്പെടെയാണ് ആന്റോയുടെ വീട്ടിൽ നിന്ന് കണ്ടെടുത്തത്. ഇന്ത്യൻ നിയമപ്രകാരം ഒരാൾക്ക് മൂന്ന് ലിറ്റർ മദ്യം മാത്രമാണ് വീട്ടിൽ സൂക്ഷിക്കാൻ അനുവാദമുള്ളത്.

തറവാട് വീടിന്റെ ഉടമസ്ഥാവകാശം ഭാര്യാമാതാവിനാണെന്നാണ് ആന്റോ അഗസ്റ്റിൻ സുൽത്താൻ ബത്തേരി കോടതിയിൽ വ്യക്തമാക്കിയത്. ജപ്തിയിലായ വീട് ലേലത്തിൽ പിടിച്ചത് ലില്ലിയാണെന്നും ആന്റോ കോടതിയിൽ മൊഴി നൽകിയിരുന്നു. കോടതി അറ്റാച്ച്മെന്റ് നടപടികളുടെ ഭാഗമായി നിലനിൽക്കുന്ന വസ്തുവായതിനാൽ തന്റെ പേരിൽ കേസെടുക്കാനാകില്ലെന്നായിരുന്നു ആന്റോയുടെ വാദം. താൻ മദ്യം കുടിക്കാറില്ലെന്നും വീടും വസ്തുവും സർഫാസി ആക്ട് പ്രകാരം വിൽപനയിലേക്ക് പോയതാണെന്നും ആന്റോ വാദിച്ചിരുന്നു.

എന്നാൽ വീട് ആന്റോയുടെ പേരിൽ തന്നെയാണെന്നാണ് അന്വേഷണ ഉദ്യോഗസ്ഥർ പറയുന്നത്. വീട് ആന്റോ അഗസ്റ്റിന്റേത് തന്നെയെന്ന് തെളിയിക്കാൻ വോട്ടർ പട്ടികയിലെ വിവരങ്ങൾ, കെഎസ്ഇബി ബില്ല്, വില്ലേജ് രേഖകൾ എന്നിവയും അന്വേഷണ ഉദ്യോഗസ്ഥർ കോടതിയിൽ ഹാജരാക്കിയിരുന്നു.

കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകുന്നു; നിർണായക പ്രഖ്യാപനങ്ങളുമായി മുഖ്യമന്ത്രി

തിരു: സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി മുഖ്യമന്ത്രി വിഡി സതീശൻ. ന്യൂഡൽഹിയിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ തെർമൽ പവർ കോർപ്പറേഷൻ ലിമിറ്റഡുമായി നടത്തിയ ഉന്നതതല ചർച്ചയിൽ കേരളത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകതയും ഭാവിയിലെ ഊർജ ആവശ്യങ്ങൾ ഉറപ്പാക്കുന്നതിനുമായി നിരവധി നിർണായക തീരുമാനങ്ങളെടുത്തതായി അദ്ദേഹം വ്യക്തമാക്കി. ഫേസ്ബുക്ക് കുറിപ്പൂടെയാണ് മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്.

എൻടിപിസി യുമായി ന്യൂഡൽഹിയിൽ നടത്തിയ ചർച്ചയിൽ കേരളത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും ഭാവിയിലെ ഊർജ ആവശ്യങ്ങൾ ഉറപ്പാക്കുന്നതിനുമായി നിരവധി നിർണായക തീരുമാനങ്ങളെടുത്തു.

കായംകുളത്ത് 2000 ഔണവ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS): KSEB, NTPC, NTPC Green Energy Limited (NGEL) എന്നിവർ ചേർന്ന് പദ്ധതി നടപ്പാക്കുന്നതിനായി ധാരണാപത്രം ഒപ്പുവയ്ക്കും.

160 MWh BESS പദ്ധതികൾ 2027 മാർച്ചോടെ: പോത്തൻകോട്, ശ്രീകണ്ഠപുരം എന്നിവിടങ്ങളിൽ 80 MWh വീതമുള്ള BESS പദ്ധതികൾ കമ്മീഷൻ ചെയ്യും.

സിന്നറിൽ നിന്ന് 300 MW വരെ വൈദ്യുതി: മഹാരാഷ്ട്രയിലെ NTPC സിന്നർ പദ്ധതിയിൽ നിന്ന് കേരളത്തിന് 300 MW വരെ വൈദ്യുതി ലഭ്യമാക്കും. യൂണിറ്റിന് 5.18 നിരക്കിലാണ് വൈദ്യുതി ലഭ്യമാക്കുന്നത്.

കായംകുളം 27 MW സോളാർ പദ്ധതി: NTPC നടപ്പാക്കുന്ന പദ്ധതിയുടെ തുടർനടപടികൾ വേഗത്തിലാക്കാനും ആവശ്യമായ സംസ്ഥാന സഹകരണം ഉറപ്പാക്കാനും തീരുമാനമായി.

കേരളത്തിന് സമർപ്പിത വൈദ്യുതി നിലയം: കേരളത്തിന്റെ ദീർഘകാല വൈദ്യുതി ആവശ്യകത പരിഗണിച്ച് സമർപ്പിത വൈദ്യുതി നിലയം സ്ഥാപിക്കണമെന്ന് NTPCയോട് ആവശ്യപ്പെട്ടു. രാമഗുണ്ടം പവർ പ്ലാന്റിൽ നിന്ന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള Power Purchase Agreement ഒപ്പുവയ്ക്കാനുള്ള സന്നദ്ധതയും NTPC അറിയിച്ചു.

KSEBയ്ക്ക് സാങ്കേതിക പിന്തുണ: മാനേജ്മെന്റ്, സാങ്കേതിക പ്രവർത്തനം, ആധുനിക വൈദ്യുതി മാനേജ്മെന്റ് സംവിധാനങ്ങൾ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി NTPCയുടെ പ്രൊഫഷണൽ, സാങ്കേതിക വൈദഗ്ധ്യം KSEBക്ക് ലഭ്യമാക്കും

പുനരുപയോഗ ഊർജം, ഊർജ സംഭരണം, അധിക വൈദ്യുതി ലഭ്യത, ദീർഘകാല വൈദ്യുതി സുരക്ഷ കേരളത്തിന്റെ ഊർജ ഭാവി കൂടുതൽ ശക്തമാക്കുന്നതിനുള്ള നിർണായക ചുവടുവയ്പ്പുകളാണ് ഈ തീരുമാനങ്ങൾ.

സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ സി.പി.ഐ. തൃശൂർ ജില്ലാ കൗൺസിൽ രാഷ്ട്രീയ റിപ്പോർട്ടിങ്ങ് പാർട്ടി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഉൽഘാടനം ചെയ്യുന്നു.

ഒടുവിൽ ഓണം ബംപർ ഭാഗ്യവാൻ നേരിട്ടെത്തി; ടിക്കറ്റ് നൽകി; എല്ലാം രഹസ്യം

കണ്ണൂർ: തളിപ്പറമ്പ് ബസ് സ്റ്റാൻഡിലെ തമ്പുരാൻ ലോട്ടറി ഏജൻസിയിൽ നിന്നാണ് ബംപർ ടിക്കറ്റ് വിറ്റുപോയത്. സബ് ഏജന്റായ മുയ്യം സ്വദേശി എം.വി. സുജിത്ത് ഇവിടെ നിന്നും കൊണ്ടുപോയ 30 ടിക്കറ്റുകളിലൊന്നിനായിരുന്നു ഭാഗ്യം

30 കോടി രൂപയുടെ ഓണം ബംപർ അടിച്ച ഭാഗ്യശാലി ആരാണ് എന്നറിയാൻ കേരളം കാത്തിരിക്കുമ്പോൾ ആരോടും ഒന്നും മിണ്ടാതെ ഭാഗ്യവാനെത്തി ബാങ്കുവഴി ലോട്ടറി വകുപ്പിന് ടിക്കറ്റ് കൈമാറി. ലോട്ടറിയടിച്ചയാൾ സ്വയം മുന്നോട്ട് വന്ന് പേര് വിവരങ്ങൾ പുറത്തുവിടാത്ത സാഹചര്യത്തിൽ വകുപ്പിനും അതിനുള്ള അനുമതിയില്ല. തൽക്കാലം അജ്ഞാതനായി തുടരാനാണ് ഭാഗ്യവാന്റെ തീരുമാനം. കണ്ണൂർ തളിപ്പറമ്പിൽ വിറ്റ ടിക്കറ്റിനായിരുന്നു ബംപർ സമ്മാനം അടിച്ചത്. തളിപ്പറമ്പ് ബസ് സ്റ്റാൻഡിലെ തമ്പുരാൻ ലോട്ടറി ഏജൻസിയിൽ നിന്നാണ് ബംപർ ടിക്കറ്റ് വിറ്റുപോയത്. സബ് ഏജന്റായ മുയ്യം സ്വദേശി എം.വി. സുജിത്ത് ഇവിടെ നിന്നും കൊണ്ടുപോയ 30 ടിക്കറ്റുകളിലൊന്നിനായിരുന്നു ഭാഗ്യം.

അതേസമയം, 90 ലക്ഷം ടിക്കറ്റുകളായിരുന്നു ഓണം ബംപർ അച്ചടിച്ചത്. മുഴുവൻ ടിക്കറ്റുകളും വിറ്റുപോകുകയും ചെയ്തിരുന്നു. സമ്മാനത്തുക ഉയർത്തിയത് ലോട്ടറി വിൽപ്പനയിലും പ്രതിഫലിച്ചെന്നാണ് കണക്കുകളും വ്യക്തമാക്കുന്നത്. 25 കോടിയായിരുന്ന ഒന്നാം സമ്മാനം ഇത്തവണ മുതലാണ് 30 കോടിയാക്കിയത്. രണ്ടാം സമ്മാനം ഒരു കോടി വീതം 20 പേർക്കും മൂന്നാം സമ്മാനം 25 ലക്ഷം വീതം 20 പേർക്കും നാലാം സമ്മാനം അഞ്ച് ലക്ഷം രൂപ വീതം 10 പേർക്കുമാണ് നൽകിയത്.

പാചകവാതക വിതരണത്തിന്റെ മറവിൽ രാസലഹരി വിറ്റ സംഘം തൃശൂരിൽ പിടിയിൽ

തൃശൂർ : നടത്തറയിൽ ഗ്യാസ് സിലിണ്ടർ വിതരണത്തിന്റെ മറവിൽ മാരക ലഹരിമരുന്നായ എം ഡി എം എ വിൽപ്പന നടത്തിവന്ന രണ്ട് യുവാക്കളെ സിറ്റി ഡാൻസാഫ് സംഘം പിടികൂടി. മുളയം സ്വദേശി വൈശാഖ്, സുഹൃത്തായ പുത്തൂർ സ്വദേശി സുജിത്ത് എന്നിവരാണ് ലഹരിമരുന്നുമായി പിടിയിലായത്. പാചകവാതകം വീടുകളിലും സ്ഥാപനങ്ങളിലും എത്തിച്ചു നൽകുന്ന വാഹനവും ഇതോടൊപ്പം ഉപയോഗിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. രഹസ്യവിവരത്തെ തുടർന്ന് ഡാൻസാഫ് സംഘം നടത്തിയ പ്രത്യേക പരിശോധനയിലാണ് പ്രതികൾ പിടിയിലാകുന്നത്. പ്രതികളെക്കുറിച്ച് കൂടുതൽ അന്വേഷണം പോലീസ് ആരംഭിച്ചിട്ടുണ്ട്.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതിമുമ്പാകെ

EA: 1/2026, EP: 365/2023, TMC OS. 5704/2015

എടക്കളത്തൂർ ചിട്ടീസ് & ലോൺസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ
-വിധി ഉടമ/ഹരജിക്കാരൻ

1) നിധിൻ ഫ്രാൻസിസ്, S/o. ഫ്രാൻസിസ്, പെരുമ്പിള്ളിക്കാടൻ ഹൗസ്, വി ആർ പുരം ദേശം, പേരാമ്പ്ര വില്ലേജ്, ചാലക്കുടി താലൂക്ക്
3) മനോജ് ഫ്രാൻസ്സ്, S/o. ഫ്രാൻസിസ്, പെരുമ്പിള്ളിക്കാടൻ ഹൗസ്, വി ആർ പുരം ദേശം, പേരാമ്പ്ര വില്ലേജ്, ചാലക്കുടി താലൂക്ക്
-1, 3 വിധികടക്കാർ/1, 3 എതൃകക്ഷികൾ

മേൽനമ്പറിൽ സന്നതു പട്ടിക വഹകൾ നടത്തി യഥാർത്ഥ കൈവശം ലഭിക്കുന്നതിനായി ബോധിപ്പിച്ച EA: 1/2026 നമ്പർ ഹരജി കാര്യത്തിൽ 1, 3 എതൃകക്ഷികളെ അറിയിക്കുന്നത്:
മേൽ നമ്പർ കേസ് **28 -10-2026** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്ന് കാലത്ത് 11.00 മണിക്ക് നിങ്ങളോ നിയമപ്രകാരം അധികാരപ്പെടുത്തിയ ഏജന്റ് മുഖാന്തിരമോ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പറിൽ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 7-02-2026
വിധി ഉടമ/ഹരജിക്കാരൻഭാഗം അഡ്വക്കേറ്റ്
രാജേഷ് തമ്പാൻ (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

സാഹിത്യം ഫേസ്ബുക്കിലൊതുങ്ങി: ഉണ്ണികൃഷ്ണൻ

തൃശൂർ: സാഹിത്യകാരും സാംസ്കാരിക പ്രവർത്തകരും മുഖം നോക്കി പ്രതികരിക്കാതെ / ഫേസ് ബുക്ക് പ്രതികരണക്കാരായി മാറിയെന്ന്തൃശൂർ ലിറ്ററി ഫോറം പ്രസിഡണ്ട് കെ. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു. സാഹിത്യവും സംസ്കാരവും ഇക്കാലത്തും മേൽ തട്ടിൽ ഒതുങ്ങുകയാണെന്നും അദ്ദേഹം പറഞ്ഞു.

സാഹിത്യകാരൻ ശപഥ് - സ്മൃതി സദസ്സും, സമകാലിക സാഹിത്യ സദസ്സും ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഉണ്ണികൃഷ്ണൻ. തൃശൂർ സാംസ്കാരിക അക്കാദമി നാഷണൽ ബുക്ക് സ്റ്റാളിലായിരുന്നു സദസ് ഒരുക്കിയത്.

അഡ്വ: എ.ഡി.ബെന്നി അദ്ധ്യക്ഷത വഹിച്ചു. രാജൻ എലവത്തൂർ, രവീന്ദ്രൻ കൈനൂർ / മാധവികുട്ടി, ജബീറ ബീഗം, കെ.ജി.ജയപ്രകാശ്, പ്രഫ: വി.പി.ജോൺസ്, പി. ഉദയകുമാർ, എം.എം.എ. റസാഖ്, സുനിത വിത്സൻ ,സുകുമാരൻ മാസ്റ്റർ, ആന്റോ കുണ്ടുകുളം, പി.എസ്. സുകുമാരൻ സംസാരിച്ചു.

കാറിൽ അബോധാവസ്ഥയിൽ കണ്ടെത്തിയ മെഡിക്കൽ വിദ്യാർഥി മരിച്ചു; കാറിനുള്ളിൽ അജ്ഞാതവസ്തു കത്തിയനിലയിൽ

കല്ലമ്പലം (തിരുവനന്തപുരം): കല്ലമ്പലത്ത് അബോധാവസ്ഥയിൽ കാറിനുള്ളിൽ കണ്ടെത്തിയ മെഡിക്കൽ വിദ്യാർഥി മരിച്ചു. കിളിമാനൂർ മുളയ്ക്കകത്തുകാവ് സ്വദേശി ആഷിക്കാണ് മരിച്ചത്. കഴിഞ്ഞദിവസം രാത്രിയാണ് കല്ലമ്പലത്ത് ദേശീയപാതയുടെ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന ഭാഗത്തെ റോഡിൽ ഉപേക്ഷിക്കപ്പെട്ട സ്വിഫ്റ്റ് കാറിനുള്ളിൽ ആഷിക്കിനെ കണ്ടെത്തിയത്.

അബോധാവസ്ഥയിലായിരുന്ന ആഷിക്കിനെ ഉടൻതന്നെ പാരിപ്പള്ളി മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും മരിച്ചു. ചാർക്കോൾ പോലുള്ള എന്തോ വസ്തു കാറിനുള്ളിൽ കത്തിച്ച നിലയിലായിരുന്നു. കഴിഞ്ഞ രണ്ടുദിവസമായി ആഷിക്കിനെ കാണാനില്ലെന്ന് കാട്ടി ബന്ധുക്കൾ പരാതി നൽകിയിരുന്നു. പരാതിയിൽ അന്വേഷണം നടക്കുന്നതിനിടയിലാണ് കാറിനുള്ളിൽ ആഷിക്കിനെ കണ്ടെത്തിയത്. മൃതദേഹം പാരിപ്പള്ളി മെഡിക്കൽ കോളേജിലേക്ക് മാറ്റി.



ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രംവക കൊട്ടിലാക്കൽ സർപ്പക്കാവിൽ ആയില്യം പൂജ നടന്നു. അണിമംഗലം നാരായണൻ നമ്പൂതിരി നേതൃത്വം നൽകി തട്ടായം ഹരീഷ് നമ്പൂതിരി പരികർമ്മിയായിരുന്നു. കൂടൽമാണിക്യം ദേവസ്വം മാനേജിങ്ങ് കമ്മറ്റി മെമ്പർ ബിന്ദു, മാനേജർ ഹരിത ഭക്തജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു

കരിങ്കടലിൽ എണ്ണക്കപ്പലിനുനേരെ യുക്രൈൻ ഡ്രോണാക്രമണം; 23 ഇന്ത്യൻ ജീവനക്കാരെയും രക്ഷപ്പെടുത്തി

മോസ്കോ: യുക്രൈൻ ഡ്രോണാക്രമണത്തെത്തുടർന്ന് തീപ്പിടിച്ച ലൈബീരിയൻ പതാകയുള്ള എണ്ണക്കപ്പലിൽനിന്ന് 23 ഇന്ത്യൻ ജീവനക്കാരെയും രക്ഷപ്പെടുത്തി. ചൊവ്വാഴ്ച റഷ്യൻ കരിങ്കടൽ തീരത്തുവെച്ച് അഫ്രാമാക്സ് റിയോ എന്ന ടാങ്കറിനാണ് തീപ്പിടിച്ചത്. കപ്പലിലെ മുഴുവൻ ജീവനക്കാരും ഇന്ത്യക്കാരാണെന്നും ആർക്കും പരിക്കേറ്റിട്ടില്ലെന്നും റഷ്യൻ ഗതാഗത മന്ത്രാലയം അറിയിച്ചു.

അഗ്നിരക്ഷാസേന ഉൾപ്പെടെയുള്ളവർ അടിയന്തര രക്ഷാപ്രവർത്തനം നടത്തിയാണ് കപ്പലിലുണ്ടായിരുന്നവരെ സുരക്ഷിതമായി പുറത്തെത്തിച്ചത്. റഷ്യയിലെ തെക്കൻ ക്രാസ്നോദാർ മേഖലയിലെ സിറിയസ് ഫെഡറൽ ടെറിട്ടറിയുടെ തീരപ്രദേശത്താണ് സംഭവം. കപ്പൽ തീപ്പിടിച്ചതിനെത്തുടർന്ന് പ്രദേശത്തെ ബീച്ചുകൾ അടച്ചു. രക്ഷാപ്രവർത്തനം തുടരുന്നതിനിടെ തീരപ്രദേശത്തേക്കുള്ള പ്രവേശനവും നിയന്ത്രിച്ചിട്ടുണ്ട്.

റഷ്യ-യുക്രൈൻ യുദ്ധം 2022-ൽ ആരംഭിച്ചതിനു പിന്നാലെ കരിങ്കടലിലും പരിസരപ്രദേശങ്ങളിലും വാണിജ്യ കപ്പലുകൾക്കുനേരെയുള്ള ആക്രമണങ്ങൾ വർധിച്ചുവരികയാണ്. കഴിഞ്ഞദിവസം റൊമാനിയയുടെ തീരത്തിന് സമീപം യുക്രൈൻ ചരക്കുകളുമായി പോയ ധാന്യക്കപ്പലുകൾക്ക് നേരെയും റഷ്യ ആക്രമണം നടത്തിയിരുന്നു.

ഇരിങ്ങാലക്കുട നഗരസഭ നവതിയുടെ നിറവിൽ ഔദ്യോഗിക ലോഗോ രൂപകൽപ്പന മത്സരം സംഘടിപ്പിക്കുന്നു

ഇരിങ്ങാലക്കുട: 1936-ൽ പ്രവർത്തനമാരംഭിച്ച ഇരിങ്ങാലക്കുട നഗരസഭ 90 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി 2026 ഒക്ടോബർ മുതൽ 2027 ഫെബ്രുവരി വരെ വിവിധ പരിപാടികളോടെ നവതി ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു. ആഘോഷങ്ങളുടെ ഔദ്യോഗിക ലോഗോ തിരഞ്ഞെടുക്കുന്നതിനായി നഗരസഭ ലോഗോ രൂപകൽപ്പന മത്സരം സംഘടിപ്പിക്കുന്നു.

ഇരിങ്ങാലക്കുട നഗരസഭയുടെ 90 വർഷത്തെ ചരിത്രവും പൈതൃകവും വികസന മുന്നേറ്റങ്ങളും ജനകീയ പങ്കാളിത്തവും ഭാവിയിലേക്കുള്ള കാഴ്ചപ്പാടും പ്രതിഫലിപ്പിക്കുന്ന ലളിതവും ആകർഷകവുമായ ലോഗോകളാണ് മത്സരത്തിലേക്ക് ക്ഷണിക്കുന്നത്.

മത്സര നിബന്ധനകൾ

ലോഗോ മത്സരാർത്ഥിയുടെ സ്വതന്ത്രമായ സൃഷ്ടി ആയിരിക്കണം. നഗരസഭയുടെ 90 വർഷത്തെ ചരിത്രം, പൈതൃകം, ജനകീയത, വികസന മുന്നേറ്റം എന്നിവ പ്രതിഫലിപ്പിക്കുന്നതായിരിക്കണം.

“ഇരിങ്ങാലക്കുട നഗരസഭ നവതി ആഘോഷങ്ങൾ 1936 2026” എന്ന ആശയം ലോഗോയിൽ ഉൾക്കൊള്ളിക്കാം. ലോഗോ ഡിജിറ്റൽ രൂപത്തിൽ സമർപ്പിക്കണം. ഒരാൾക്ക് പരമാവധി 3 എൻട്രികൾ സമർപ്പിക്കാം.

തിരഞ്ഞെടുക്കപ്പെടുന്ന ലോഗോ നവതി ആഘോഷങ്ങളുടെ ഔദ്യോഗിക ലോഗോ ആയി ഉപയോഗിക്കും. വിജയിക്ക് 5,000 ക്യാഷ് പ്രൈസും പ്രശസ്തിപത്രവും നൽകും. എൻട്രികൾ സമർപ്പിക്കേണ്ടത് അവസാന തീയതി: 10-10-2026 ഇ-മെയിൽ Irinjalakudanavathi90@gmail.com ബന്ധപ്പെടേണ്ട ഫോൺ: 9446214042 (പബ്ലിസിറ്റി കമ്മിറ്റി ചെയർമാൻ)

ഇരിങ്ങാലക്കുടയിലെ കലാകാരന്മാർ, വിദ്യാർത്ഥികൾ, ഡിസൈനർമാർ, യുവജനങ്ങൾ, സൃഷ്ടിപരമായ താൽപര്യമുള്ളവർ, പൊതുജനങ്ങൾ തുടങ്ങി എല്ലാവരുടെയും സജീവ പങ്കാളിത്തം നഗരസഭ അഭ്യർത്ഥിച്ചു.

“90 വർഷങ്ങളുടെ പൈതൃകം പുതിയ കാലത്തിന്റെ കാഴ്ചപ്പാട്” എന്ന സന്ദേശവുമായി സംഘടിപ്പിക്കുന്ന നവതി ആഘോഷങ്ങൾക്ക് പുതിയ മുഖമുദ്ര നൽകാൻ എല്ലാവരും തങ്ങളുടെ സൃഷ്ടിപരമായ ആശയങ്ങളുമായി മത്സരത്തിൽ പങ്കെടുക്കണമെന്ന് നഗരസഭ അറിയിക്കുന്നു.

രാഹുൽ ഗാന്ധി എതിർക്കുന്നത് രാജ്യത്തെ കീഴ്പ്പെടുത്താനുള്ള വർഗീയ ശക്തികളുടെ ശ്രമങ്ങളെ: പഴകുളം മധു എംഎൽഎ.

തൃശൂർ: രാഹുൽ ഗാന്ധി എതിർക്കുന്നത് രാജ്യത്തെ കീഴ്പ്പെടുത്താനുള്ള വർഗീയശക്തികളുടെ ശ്രമങ്ങളെയാണെന്ന് പഴകുളം മധു എംഎൽഎ പറഞ്ഞു.വോട്ടർപട്ടിക അട്ടിമറിയിലൂടെയാണ് 2024 ബിജെപി അധികാരത്തിലെത്തിയത്.ആ ക്ഷീണമായ ജനാധിപത്യ ധ്വംസനത്തിന് നേതൃത്വം നൽകിയയാളാണ് ഗ്യാനേഷ് കുമാർ.അതുകൊണ്ടാണ് അദ്ദേഹത്തെ സ്വന്തം സഖാക്ക കമ്മീഷണർമാർ അഴിമതിക്കാരനെന്നും വോട്ടു കള്ളനെന്നും വിശേഷിപ്പിച്ചതെന്നും പഴകുളം മധു പറഞ്ഞു.

മന്ത്രി ഒ.ജെ ജനീഷിന്റെ ക്യാമ്പ് ഓഫീസിന് നേരെ എ ഐ വൈ എഫ് പ്രവർത്തകർ നടത്തിയ അതിക്രമം കേരളത്തിന്റെ രാഷ്ട്രീയ പാരമ്പര്യത്തിന് നിരക്കാത്തതാണ്.സിപിഐയുടെ ഗുണ്ടാസംഘത്തിന്റെ ഈ ആക്രമണത്തിൽ കോൺഗ്രസ് ശക്തമായി പ്രതിഷേധിക്കുന്നു.കേരളത്തിലെ കോൺഗ്രസ് പ്രവർത്തകർ ആഞ്ഞൊന്നു തുമ്മിയാൽ തെറിക്കുന്ന മൂക്കാണ് സിപിഐ എന്നും പഴകുളം മധു എംഎൽഎ പറഞ്ഞു.

രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള നേതാക്കളെ അറസ്റ്റ് ചെയ്തതിലും കായിക മന്ത്രി ഒ.ജെ ജനീഷിന്റെ മാളയിലെ ക്യാമ്പ് ഓഫീസിന് നേരെ നടന്ന എഐവൈഎഫ് അതിക്രമത്തിൽ പ്രതിഷേധിച്ചും നഗരത്തിൽ ഡിസിസിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ പ്രകടനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് അഡ്വ ജോസഫ് ടാജറ്റ് അധ്യക്ഷത വഹിച്ചു.നേതാക്കളായ സിജോ കടവിൽ, കെ എച്ച് ഉസ്മാൻ ഖാൻ, പി ശിവശങ്കരൻ, ഫ്രാൻസിസ് ചാലിശ്ശേരി, ബഷീർ അഹമ്മദ്, ഹാപ്പി മത്തായി, കെ സുരേഷ്, കെ സുമേഷ്, സാജൻ ജോർജ് എന്നിവർ നേതൃത്വം നൽകി.

രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള നേതാക്കളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചും കായിക മന്ത്രി ഒ.ജെ ജനീഷിന്റെ മാളയിലെ ക്യാമ്പ് ഓഫീസിന് നേരെ നടന്ന എഐവൈഎഫ് അതിക്രമത്തിൽ പ്രതിഷേധിച്ച്

ബുധനാഴ്ച ജില്ലയിലെ മുഴുവൻ മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ കെപിസിസിയുടെ ആഹ്വാനപ്രകാരം വൈകീട്ട് 6 മണിക്ക് പ്രതിഷേധ പ്രകടനം നടത്തുമെന്നും ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡൻറ് അഡ്വ ജോസഫ് ടാജറ്റ് പറഞ്ഞു.

അവിട്ടത്തൂർ സ്കൂളിൽ പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി

അവിട്ടത്തൂർ : ലാൽ ബഹാദൂർ ശാസ്തി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി സംഗമം സ്കൂൾ മാനേജർ എ.സി. സുരേഷ് ഉദ്ഘാടനം ചെയ്തു.

സംഘടന പ്രസിഡണ്ട് എ. സജു ചന്ദ്രൻ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. എ.വി. രാജേഷ്, പ്രധാനധ്യാപിക രജനി എൻ.എസ് , പി. ടി. എ. പ്രസിഡണ്ട് പ്രസാദ് എൻ. എസ്., ബാലൻ അമ്പാടത്ത്, കെ. കെ. കൃഷ്ണൻ നമ്പൂതിരി, ജോളി ജോസഫ് എന്നിവർ പ്രസംഗിച്ചു. പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പുതിയ ഭാരവാഹികൾ : ജോസ് ജെ. ചിറ്റിലപ്പിള്ളി (പ്രസിഡണ്ട്), പി. അജിത (വൈസ്പ്രസിഡണ്ട്), പി. എൻ. സുരേഷ് (സെക്രട്ടറി) ആശ വി. എ. (ജോ. സെക്രട്ടറി), ജോളി ജോസഫ് (ട്രഷറർ)

ജോസ് ജെ. ചിറ്റിലപ്പിള്ളി

പി. എൻ. സുരേഷ്

ജോളി ജോസഫ്

കേരള വന ഗവേഷണ സ്ഥാപനത്തിൽ നിയമനം

തൃശ്ശൂർ: കേരള വന ഗവേഷണ സ്ഥാപനത്തിൽ ഒരു വർഷം കാലാവധിയുള്ള സമയ ബന്ധിത ഗവേഷണ പദ്ധതിയിലേക്ക് പ്രോജക്ട് ഫെല്ലോ/ സപ്പോർട്ടിംഗ് സ്റ്റാഫ് താത്കാലിക ഒഴിവിലേക്ക് നിയമനം നടത്തുന്നു. യോഗ്യത ബോട്ടണി, എൻവയോൺമെന്റൽ സയൻസ്, ഫോറസ്ട്രി, അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ, പ്ലാന്റ് സയൻസ്, ബയോടെക്നോളജി, ബയോ ഇൻഫർമാറ്റിക്സ് എന്നിവയിൽ ഒന്നാം ക്ലാസോടുകൂടിയ ബിരുദാനന്തര ബിരുദം. തെലുഗു ഭാഷയിലുള്ള പ്രാവീണ്യം. മെഡിസിനൽ പ്ലാന്റ്, ഫീൽഡ് ബോട്ടണി, റെയർ ആന്റ് ത്രെട്ടന്റ് ടാക്സയിൽ ഗവേഷണ പരിചയം, കമ്പ്യൂട്ടറിലുള്ള പ്രവർത്തിപരിചയം എന്നിവ അഭികാമ്യ യോഗ്യതയാണ്. 2026 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അഞ്ചും മറ്റു പിന്നോക്ക വിഭാഗക്കാർക്ക് മൂന്ന് വർഷവും നിയമാനുസൃതമായ വയസ്സിളവ് ലഭിക്കും. ഉദ്യോർത്ഥികൾ ഒക്ടോബർ എട്ടിന് രാവിലെ 10 ന് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. വിശദവിവരങ്ങൾക്ക് കേരള വന ഗവേഷണ സ്ഥാപനത്തിന്റെ www.kfri.res.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

പുരോഗമന കലാസാഹിത്യസംഘം സംവാദം

തൃശൂർ: മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ച് ആളുകളെ പങ്കെടുപ്പിക്കുന്ന പഴയ രീതി കൈവിട്ടാണ് എസ്.എഫ്.ഐ. ദൽഹി ജന്തർ മന്ദിർ സമരത്തിൽ വിദ്യാർത്ഥികളെ അണിനിരത്തിയതെന്ന് എസ്.എഫ്.ഐ. സംസ്ഥാന പ്രസിഡണ്ട് എം.ശിവപ്രസാദ് പറഞ്ഞു. കേരളത്തിൽ നിന്ന് വിദ്യാർത്ഥികൾ ദൽഹിയിലെത്തിയത് അപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് സ്വയം ഓരോരുത്തരും തീരുമാനമെടുത്തതു വഴിയാണ്. പുരോഗമന കലാസാഹിത്യസംഘം തൃശൂർ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച സംവാദം ഉൽഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ശീലത്തിന്റെ ഭാഗമായാണ്, ആർജ്ജിച്ചെടുത്ത കഴിവുകളുടെ അടിസ്ഥാനത്തിലല്ല കുട്ടികൾ സമരസജ്ജരായതെന്ന കാര്യം പ്രധാനമാണെന്ന് പ്രഭാഷണം നിർവഹിച്ച കെ.കെ.ഷാഹിനയും പറഞ്ഞു. ഇക്കാര്യം രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണെന്ന് ഷാഹിന ചൂണ്ടിക്കാട്ടി. സാഹിത്യ അക്കാദമി എം.ടി. ഹാളിൽ നടന്ന പരിപാടിയിൽ പ്രൊഫ.എം.മുരളീധരൻ സ്മാരക മൂന്നാമത് നാടകോസവത്തിന്റെ സ്മരണിക എം.ശിവപ്രസാദ് കെ.കെ. ഷാഹിനയ്ക്ക് നൽകി പ്രകാശനം ചെയ്തു. ഡോ.സി.രാവുണ്ണി, മുരളി ചീരോത്ത്, അഡ്വ.വി.ഡി. പ്രേം പ്രസാദ്, ഡോ.എം.എൻ. വിനയകുമാർ, ഡോ.കെ.ജി.വിശ്വനാഥൻ, കെ.രമ, ഡോ.ഡി.ഷീല, കെ.പി.സെലീന എന്നിവർ പങ്കെടുത്തു.

ശിശുസംരക്ഷണ സ്ഥാപനാധികാരികൾക്ക് ഏകദിന പരിശീലനം സംഘടിപ്പിച്ചു

തൃശ്ശൂർ: തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിലെ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ മേലധികാരികൾ, സോഷ്യൽ വർക്കർമാർ, കൗൺസിലർമാർ എന്നിവർക്കായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. തൃശ്ശൂർ ജില്ലാ ആസൂത്രണ ഭവൻ ഹാളിൽ നടന്ന പരിപാടി ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്ടിങ് ചെയർപേഴ്സൺ സിസിലി ജോസഫ് ഉദ്ഘാടനം ചെയ്തു.

കുട്ടികളുടെ ഭാഷയിലും ഇടപെടലുകളിലും മാറ്റങ്ങൾ വരുന്ന ഇക്കാലത്ത് അവർക്കൊപ്പം ഉയർന്ന് പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ആക്ടിങ് ചെയർപേഴ്സൺ സിസിലി ജോസഫ് പറഞ്ഞു. കുടുംബങ്ങളിലെ പ്രശ്നങ്ങൾ മൂലം ഹോമുകളിലേക്ക് എത്തിപ്പെട്ട കുട്ടികളുടെ മനസ്സിലെ മുറിവുകൾ ഉണക്കി, അവരെ ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കാൻ നമുക്ക് കർത്തവ്യമുണ്ടെന്നും അവർ കൂട്ടിച്ചേർത്തു. കമ്മീഷൻ അംഗം ടി.സി ജലജ മോൾ അധ്യക്ഷത വഹിച്ചു. കമ്മീഷൻ അംഗം പി. ഷാജേഷ് ഭാസ്കർ വിഷയാവതരണം നടത്തി. തൃശ്ശൂർ ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് പ്രൊട്ടക്ഷൻ ഓഫീസർ രേഷ്മ സ്വാഗതവും പാലക്കാട് ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് പ്രൊട്ടക്ഷൻ ഓഫീസർ ലിജ രാജ് നന്ദിയും പറഞ്ഞു.

‘ഇൻഡിവിജ്വൽ കെയർ പ്ലാൻ ആൻഡ് കേസ് മാനേജ്മെന്റ്’ എന്ന വിഷയത്തിൽ പാലക്കാട് സി.ഡബ്ല്യു.സി അംഗം അഡ്വ. അപർണ്ണ നാരായണനും ‘ചൈൽഡ് ട്രോമ ആൻഡ് സൈക്കോളജിക്കൽ സപ്പോർട്ട്’ എന്ന വിഷയത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ബസ്പിനും ക്ലാസുകൾ എടുത്തു.

കുട്ടികളുടെ സാമൂഹ്യ പുനരധിവാസത്തിനും സംരക്ഷണത്തിനും സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ട നിലപാടുകൾ സംബന്ധിച്ച് നടന്ന പാനൽ ചർച്ചയിൽ കമ്മീഷൻ ആക്ടിങ് ചെയർപേഴ്സൺ സിസിലി ജോസഫ്, അംഗങ്ങളായ ടി.സി ജലജ മോൾ, പി. ഷാജേഷ് ഭാസ്കർ എന്നിവർ പങ്കെടുത്തു സംസാരിച്ചു.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മരിച്ച നിലയിൽ

കുന്നംകുളം:ചാവക്കാട്, പുന്നയൂർ കുടുംബരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറെ മരിച്ച നിലയിൽ കണ്ടത്തി. എറണാകുളം തിരുവാങ്കുളം ഇരുമ്പനം സ്വദേശിനി ചക്കപ്പറമ്പിൽ സാന്ദ്ര സന്തോഷ് (29)നെയാണ് ജോലി സ്ഥലത്ത് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ വടക്കേക്കാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഇന്ന് നടക്കുന്ന കോൺഫ്രൻസിൽ സാന്ദ്രയെ കാണാതായതിനെ തുടർന്ന് ഫോണിൽ വിളിച്ചു നോക്കിയെങ്കിലും ലഭിച്ചില്ല. മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ആയിരുന്നു. ഇതോടെ സമീപത്തെ അംഗൻവാടി അധ്യാപികയെ ബന്ധപ്പെട്ടു.

അധ്യാപിക വന്ന് നോക്കിയപ്പോഴാണ് സബ് സെന്ററിനോട് ചേർന്നുള്ള റിസപ്ഷൻ റൂമിൽ സാന്ദ്രയെ തൂങ്ങിയ നിലയിൽ കണ്ടെത്തിയത്. വിവരമറിഞ്ഞ് വടക്കേക്കാട് പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു.

പോസ്റ്റ് ഓഫീസ് ആർ.ഡി നിക്ഷേപകർ ജാഗ്രത പാലിക്കണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ

പോസ്റ്റ് ഓഫീസ് ആർ.ഡി (ആവർത്തന നിക്ഷേപ) അക്കൗണ്ട് ഉടമകൾ സാമ്പത്തിക സുരക്ഷിതത്വം മുൻനിർത്തി ആവശ്യമായ ജാഗ്രത പാലിക്കണമെന്ന് ദേശീയ സമ്പാദ്യ പദ്ധതി തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പോസ്റ്റ് ഓഫീസ് ആർ.ഡി സുരക്ഷിതമായ ഒരു ലഘുസമ്പാദ്യ പദ്ധതിയാണെങ്കിലും നിക്ഷേപങ്ങൾ നടത്തുമ്പോൾ അക്കൗണ്ട് ഉടമകൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

അംഗീകൃത ഏജന്റുമാർ മുഖേനയോ നിക്ഷേപകർക്ക് നേരിട്ടോ പോസ്റ്റ് ഓഫീസിൽ നിക്ഷേപം നടത്താവുന്നതാണ്. ഏജന്റിന്റെ കൈവശം തുക ഏൽപ്പിക്കുമ്പോൾ തുക നൽകിയ ഉടൻ തന്നെ ഇൻവെസ്റ്റേഴ്സ് കാർഡിൽ ഏജന്റിന്റെ കയ്യൊപ്പ് വാങ്ങേണ്ടതാണ്.

എന്നാൽ നിക്ഷേപകൻ നൽകിയ തുക പോസ്റ്റ് ഓഫീസിൽ ഒടുക്കിയതിനുള്ള ആധികാരികമായ രേഖ പോസ്റ്റ്മാസ്റ്റർ ഒപ്പിട്ട് സീൽ വച്ച് നൽകുന്ന പാസ്ബുക്ക് മാത്രമാണ്. അതിനാൽ, എല്ലാ മാസവും തുക നൽകുന്നതിന് മുൻപ് പാസ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്ന് നിക്ഷേപകർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണെന്നും ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

ഇളംതുരുത്തിയിൽ ജൂബിലി മിഷൻ ‘നോളജ് വില്ലേജ്’ തുറന്നു

തൃശ്ശൂർ: വിദഗ്ധ ചികിത്സ അടക്കമുള്ള ആരോഗ്യ സംരക്ഷണത്തിന്റെയും ഉന്നത വിദ്യാഭ്യാസത്തിന്റെയും രാജ്യത്തെ പ്രധാന ഹബ്ബ് ആയി തൃശ്ശൂരിനെ വികസിപ്പിക്കണമെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി. ജൂബിലി മിഷന്റെ നാലാമത്തെ ക്യാമ്പസായ നോളജ് വില്ലേജ് ഇളംതുരുത്തിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആതുര ചികിത്സാരംഗത്തും മെഡിക്കൽ വിദ്യാഭ്യാസരംഗത്തും മികവു തെളിയിച്ച ജൂബിലി മിഷൻ ആശുപത്രി അടക്കമുള്ള സ്ഥാപനങ്ങൾക്ക് അതിനു കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

ജൂബിലി മിഷൻ ആശുപത്രിയുടെ 75 ാം വാർഷികത്തോടനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കുന്ന തപാൽ സ്റ്റാമ്പിന്റെ പ്രകാശനവും കേന്ദ്രമന്ത്രി സുരേഷ് ഗോപി നിർവഹിച്ചു.

ആശുപത്രി ചെയർമാൻകൂടിയായ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷനായി. ജൂബിലി മിഷനെ യൂണിവേഴ്സിറ്റിയായി ഉയർത്താനുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നതായി അദ്ദേഹം അറിയിച്ചു. സ്വകാര്യ ആശുപത്രികളെ വിദേശ കുത്തകകൾ കോടികൾ മുടക്കി ഏറ്റെടുക്കുന്ന ഇക്കാലത്ത് ജൂബിലി മിഷനു വളരെ പ്രസക്തിയുണ്ടെന്ന് മുഖ്യാതിഥിയായ ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ പറഞ്ഞു.

ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, സി ഇ ഒ ഡോ. ബെന്നി ജോസഫ്, പ്രിൻസിപ്പൽ ഡോ. എം. എ. ആൻഡ്രൂസ്, പ്രഫ. പി.സി. തോമസ് എന്നിവർ പ്രസംഗിച്ചു. ജൂബിലി മിഷൻ നോളജ് വില്ലേജിൽ മെഡിക്കൽ, പാരാമെഡിക്കൽ, ഹെൽത്ത് മാനേജ്മെന്റ് തുടങ്ങിയ കോഴ്സുകൾ, ഹോസ്റ്റൽ തുടങ്ങിയവയാണ് പ്രവർത്തിക്കുക.

തെങ്ങ് കടപുഴകി വീണു

തൃശ്ശൂർ: പാമ്പൂർ സെന്ററിൽ ശക്തമായ കാറ്റിൽ പ്രൊഫ. ഗോപാലകൃഷ്ണന്റെ വീടിനു മുകളിലേക്ക് തെങ്ങ് കടപുഴകി വീണു. വീഴ്ചയിൽ തെങ്ങ് ഇലക്ട്രിസിറ്റി ലൈനിൽ തട്ടി നിന്നതിനാൽ വലിയൊരു അപകടം ഒഴിവായി. ഏകദേശം അമ്പതിനായിരം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കെഎസ്ഇബിയെ വിവരമറിയിച്ച തുടർന്ന് അധികൃതർ എത്തി ലൈൻ ഓഫ് ചെയ്തു. ആർക്കും പരിക്കില്ല .

ടെണ്ടർ പരസ്യം

മാള ഐ സി ഡി എസ് പ്രോജക്ടിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഒരു വർഷത്തേക്ക് ഉപയോഗിക്കുന്നതിനായി പ്രതിമാസം പരമാവധി 1500 കിലോമീറ്റർ ദൂരം യാത്ര ചെയ്യുവാൻ കഴിയുന്ന തരത്തിലുള്ള കരാർ വാഹനം (ഡ്രൈവറുൾപ്പെടെ) കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ശിശുവികസന പദ്ധതി ഓഫീസർ, ഐ ,സി ഡി എസ് മാള, മിനി സിവിൽസ്റ്റേഷൻ, വടമ എന്ന വിലാസത്തിൽ ഒക്ടോബർ 14ന് ഉച്ചക്ക് 12 മണിക്കകം ടെണ്ടർ സമർപ്പിക്കണം.

ഫോൺ: 0480 2893269

കോടതി പരസ്യം

മതിലകം ബ്ലോക്ക് ഗ്രാമ ന്യായാലയ മുമ്പാകെ

OS: 72/2025

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്ന ശ്രീനാരായണ ധർമ്മ സഭ

-വാദി

കൊടുങ്ങലൂർ താലൂക്ക് എറിയാട് വില്ലേജ് ദേശത്ത് പുന്നിലത്ത് നവാസ് മകൻ മുഹമ്മദ് യാസിൻ

-3-ാം പ്രതി

വാഗ്ദത്ത പത്ര പ്രകാരം വരേണ്ടും സംഖ്യക്കും പലിശക്കും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ അന്യായത്തിലെ 3-ാം പ്രതിക്കുള്ള സമൻസ് കോർട്ടിലും വാസ സ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് ഉത്തരവായി മേൽ നമ്പർ കേസ് **26-10-2026** തിയ്യതി വിചാരണക്കു വെച്ചിട്ടുള്ളതും മേൽ കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് മേപ്പടി കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കേറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ തന്നെ മേൽ നമ്പർ കേസ് തീരുമാനിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 7-10-2026
വാദിഭാഗം അഡ്വക്കേറ്റ്
രമ്യപി. (ഒപ്പ്)

കോടതി പരസ്യം

മതിലകം ബ്ലോക്ക് ഗ്രാമ ന്യായാലയ മുമ്പാകെ

OS: 4/2026

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്ന ശ്രീനാരായണ ധർമ്മ സഭ

-വാദി

കൊടുങ്ങലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന അത്താണി ദേശത്ത് നന്തിക്കാട്ട് ഗിരീഷ്കുമാർ ഭാര്യ രമ്യ ഗിരീഷ്

-1-ാം പ്രതി

വാഗ്ദത്ത പത്ര പ്രകാരം വരേണ്ടും സംഖ്യക്കും പലിശക്കും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ അന്യായത്തിലെ 1-ാം പ്രതിക്കുള്ള സമൻസ് കോർട്ടിലും വാസ സ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് ഉത്തരവായി മേൽ നമ്പർ കേസ് **21-11-2026** തിയ്യതി വിചാരണക്കു വെച്ചിട്ടുള്ളതും മേൽ കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് മേപ്പടി കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കേറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തന്നെ മേൽ നമ്പർ കേസ് തീരുമാനിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 7-10-2026
വാദിഭാഗം അഡ്വക്കേറ്റ്
രമ്യപി. (ഒപ്പ്)

VEHICLE FOR SALE
SHRIRAM FINANCE LTD.
1st Floor, Mathilakam Shopping Mall
Perinthalmanna Road,
PATTAMBI, Pin: 679306, Palakkad

Vehicle No	Vehicle Description	Year of manu-facturing
KL52 M-8551	MAHINDRA SUPRO MAXI TRUCK-T4	2018 MODEL